<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4499</u> <u>06-03-2023 - ൽ മറുപടിയ്ക്ക്</u>

<u>സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സമ്പാദ്യ പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി സഹകരണ വകുപ്പ് സമ്പാദ്യ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ? | (എ) | ഉണ്ട്.<br><br>43-ാമത് നിക്ഷേപ സമാഹരണ യജ്ഞം- 2023 ന്റെ ഭാഗമായി സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിലെ എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും ഈ നിക്ഷേപ പദ്ധതിയിൽ അംഗങ്ങളാക്കുകയും ആയതിലൂടെ സഹകരണ മേഖലയുമായി ബന്ധപ്പെടുത്തുന്നതിനും ഭാവിയിലെ സഹകാരികളെ വാർത്തെടുക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കുലർ നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കി വരികയുമാണ്.<br><br>സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് കേരള ബാങ്ക് വിദ്യാനിധി. 12 വയസ്സ് മുതൽ 16 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ സ്വന്തം പേരിൽ ഈ അക്കൗണ്ട് ആരംഭിക്കാം. (7 മുതൽ 10 വരെ ക്ലാസ്സിലെ കുട്ടികൾക്ക്) കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുകയും അവരുടെ അത്യാവശ്യ പഠനാവശ്യങ്ങൾക്ക് ടി തുക ഉപയോഗിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരള ബാങ്ക് വിദ്യാനിധി നിക്ഷേപ പദ്ധതി ആവിഷ്കരിച്ചത്. സമ്പാദ്യ ശീലത്തോടൊപ്പം ആധുനിക ബാങ്കിംഗ് സംവിധാനങ്ങളെക്കുറിച്ചും ബാങ്കിംഗ് ഇതര നൂതന സേവനങ്ങളെക്കുറിച്ചും കുട്ടികളിൽ അവബോധം ഉണ്ടാക്കാൻ ഈ പദ്ധതി സഹായകരമാകും. പദ്ധതിയിൽ അംഗങ്ങളായ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനായി രക്ഷകർത്താവിന് (മാതാവിന് മുൻഗണന) എല്ലാവിധ സാധാരണ ഇടപാടുകളും നടത്താൻ സാധിക്കുന്ന സ്പെഷ്യൽ/പ്രവിലേജ് അക്കൗണ്ട് തുറക്കുന്നതിനു |

| | | | |
|---|---|---|---|
| | | | പ്രത്യേകം അനുവാദം നൽകുന്നതായിരിക്കും. 2 ലക്ഷം രൂപ വരെ അപകട ഇൻഷുറൻസ് പരിരക്ഷ ഈ അക്കൗണ്ട് ഉറപ്പാക്കും. ആദ്യ വർഷത്തെ പ്രീമിയം ബാങ്ക് നൽകുന്നതാണ്.<br><br>സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി സഹകരണ സംഘങ്ങൾ മുഖേന സംഘം നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായി ബോക്സ് കളക്ഷൻ, മൈനർ സേവിംഗ്സ്, വിദ്യാനിധി, വിദ്യാർത്ഥി നിധി, വിദ്യാർത്ഥി മിത്രം എന്നിങ്ങനെ വിവിധ പേരുകളിലായി നിക്ഷേപ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ